# കരുത്താർജ്ജിക്കുന്ന പൊതുവിദ്യാഭ്യാസം

## 2019-20 വർഷത്തിലും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ്

### 3 വർഷംകൊണ്ട് 5.05 ലക്ഷം കുട്ടികൾ പുതുതായി വന്നുചേർന്നു

**കെ. വിമലൻ**

കഴിഞ്ഞ 29 വർഷത്തിൽ ആദ്യമായി സ്കൂൾ വിദ്യാർത്ഥികളുടെ ആകെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 2018-19 അധ്യയന വർഷത്തിലുണ്ടായ ചരിത്ര വർദ്ധന 2019-20 ലും ആവർത്തിച്ചു. ഈ വർഷത്തെ ആറാം പ്രവൃത്തി ദിനകണക്കുകൾ പൂർത്തിയായപ്പോൾ പൊതുവിദ്യാലയങ്ങളിൽ 1,63,558 കുട്ടികൾ പുതുതായി വന്നു ചേർന്നു. 2017-18 ൽ 1,56,565 ന്റെയും 2018-19 വർഷം 1,84,728 ന്റെയും വർധനവുംകൂടി പരിഗണിച്ചാൽ 3 വർഷങ്ങളിലായി പൊതുവിദ്യാലയങ്ങളിൽ 5,04,851 കുട്ടികളുടെ ആകെ വർദ്ധനവ് ഉണ്ടായി.

മുൻ വർഷങ്ങളെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിൽ 1990-91 മുതൽ ഓരോ വർഷവും കുറവ് രേഖപ്പെടുത്തിയപ്പോൾ 2018-19 അധ്യയന വർഷത്തിൽ ഇതിനു മാറ്റം വരുത്തിക്കൊണ്ട് മുൻ വർഷത്തെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. ഇതേ പ്രവണത 2019-20 വർഷത്തിലും പൊതുവിദ്യാഭ്യാസ മേഖലയിൽ തുടരുകയാണ്. സർക്കാർ സ്കൂളുകളിൽ 2 മുതൽ 10 വരെയുള്ള എല്ലാ ക്ലാസുകളിലും വർദ്ധന രേഖപ്പെടുത്തിയപ്പോൾ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസും പത്താം ക്ലാസുംഒഴികെ എല്ലാ ക്ലാസുകളിലും വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിൽ മുൻ വർഷത്തെ പോലെ എല്ലാ ക്ലാസുകളിലും ഈ വർഷവും കുട്ടികളുടെ എണ്ണത്തിൽ കുറവാണ് രേഖപ്പെടുത്തിയത് എന്നത് ശ്രദ്ധേയമാണ്. സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ ഈ അധ്യയന വർഷം 1,63,558 കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായപ്പോൾ അൺഎയ്ഡഡ് മേഖലയിൽ 36,359 കുട്ടികളുടെ കുറവാണ് ഉണ്ടായത്.

2019-20 അധ്യയന വർഷം സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഏറ്റവും കൂടുതൽ കുട്ടികളുടെ വർദ്ധനവ് രേഖപ്പെടുത്തിയത് അഞ്ചാം ക്ലാസിലും (44,663) എട്ടാം ക്ലാസിലും (38,492) ആണ്. പ്രൈമറി/യു.പി. തലം വരെ ഇതര സിലബസുകളിൽ പഠിക്കുന്ന കുട്ടികളും അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും യു.പി./ഹൈസ്കൂൾ തലം വരുമ്പോൾ പൊതുവിദ്യാലയങ്ങളിൽ ചേരുന്നതിനുള്ള താൽപര്യം കാണിക്കുന്നു എന്നതാണ് ഈ ക്ലാസുകളിലെ പ്രത്യക വർധനവ് ചൂണ്ടിക്കാണിക്കുന്നത്. അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠനം നടത്തുന്നതിനെതിരെ സർക്കാർ നൽകിവരുന്ന ബോധവൽക്കരണ പരിപാടികളും സ്കൂളുകളിൽ ഹൈടെക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതും 5, 8 ക്ലാസുകളിൽ കുട്ടികളുടെ വർദ്ധനവിനു കാരണമായി.

2019-20 വർഷം സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) എന്നീ സ്കൂളുകളിലായി 37,16,897 കുട്ടികൾ പ്രവേശനം നേടി. ഇത് 2018-19 ൽ 37,03,818 ഉം 2017-18 ൽ 36,80,740 ഉം ആയിരുന്നു. 2018-19 അധ്യയന വർഷം ഒന്നാം ക്ലാസിൽ 10,048 കുട്ടികളുടെയും, 2017-18 അധ്യയന വർഷം 12,198 കുട്ടികളുടെയും വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ 2019-20 അധ്യയന വർഷം 3,389 കുട്ടികളുടെ കുറവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ 2 വർഷങ്ങളിലായി ഒന്നാം ക്ലാസിലെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ഈ വർഷം കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവ് വിശകലനത്തിന് വിധേയമാക്കിയപ്പോൾ 2019-20 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികൾ 2014-15 വർഷം ജനിച്ച കുട്ടികളായിട്ടാണ് കണക്കാക്കുന്നത്. ഇതനുസരിച്ച് താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഒന്നാം ക്ലാസിലുള്ള കുട്ടികളുടെ വർദ്ധനവ് 2019-20 ലും ആവർത്തിച്ചതായി മനസിലാക്കാം. ഇതുമാ

യി ബന്ധപ്പെട്ട് കഴിഞ്ഞ പത്തു വർഷങ്ങളിലായി ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണവും ജനസംഖ്യയിൽ അവരുടെ ആനുപാതിക എണ്ണവും താരതമ്യം ചെയ്യുന്ന പട്ടികയും കുട്ടികളുടെ വർദ്ധനവ് രേഖപ്പെടുത്തുന്ന ഗ്രാഫും ചുവടെ ചേർക്കുന്നു.

### ഒന്നാം ക്ലാസിൽ 2010 – 11 മുതൽ 2019 – 20 വരെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

| Sl. No. | Year | Popln. (Birth) | Adm. Year (STD1) | Enrollment in Class 1 | Govt. & Aided | Total % | G & A % |
|---|---|---|---|---|---|---|---|
| 1 | 2005-06 | 556326 | 2010-11 | 337511 | 296515 | 60.67 | 53.30 |
| 2 | 2006-07 | 545154 | 2011-12 | 323372 | 280214 | 59.32 | 51.40 |
| 3 | 2007-08 | 535738 | 2012-13 | 300098 | 257529 | 56.02 | 48.07 |
| 4 | 2008-09 | 544348 | 2013-14 | 290697 | 249442 | 53.40 | 45.82 |
| 5 | 2009-10 | 546964 | 2014-15 | 301650 | 250525 | 55.15 | 45.80 |
| 6 | 2010-11 | 560268 | 2015-16 | 306310 | 254853 | 54.67 | 45.49 |
| 7 | 2011-12 | 550411 | 2016-17 | 304947 | 249533 | 55.40 | 45.34 |
| 8 | 2012-13 | 536352 | 2017-18 | 316023 | 261731 | 58.92 | 48.80 |
| 9 | 2013-14 | 534458 | 2018-19 | 324529 | 271809 | 60.72 | 50.86 |
| 10 | 2014-15 | 516013 | 2019-20 | 316646 | 268383 | 61.36 | 52.01 |

### 2010 – 11 മുതൽ 2019 – 20 വരെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സൂചിപ്പിക്കുന്ന ഗ്രാഫ് (എല്ലാ കാറ്റഗറിയും)



## 2010–11 മുതൽ 2019–20 വരെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സൂചിപ്പിക്കുന്ന ഗ്രാഫ് (സർക്കാർ, സർക്കാർ എയ്ഡഡ്)




2016–17 മുതൽ 2019–20 വരെ സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലായി ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണവും ഇതനുസരിച്ച് കഴിഞ്ഞ 3 വർഷങ്ങളിലായി ഈ മേഖലയിൽ ഉണ്ടായിട്ടുള്ള കുട്ടികളുടെ വർദ്ധനവ് സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

**Enrollment of Students during 2016 - 17 to 2019-20**

| Class | 2016-17 | | | | 2017-18 | | | |
|---|---|---|---|---|---|---|---|---|
| | GOVT | AIDED | UNAIDED | TOTAL | GOVT | AIDED | UNAIDED | TOTAL |
| 1 | 91210 | 158323 | 55414 | 304947 | 96913 | 164818 | 54292 | **316023** |
| 2 | 94485 | 166040 | 53998 | 314523 | 94839 | 164797 | 54061 | **313697** |
| 3 | 96754 | 172120 | 53170 | 322044 | 98100 | 172336 | 53042 | **323478** |
| 4 | 98728 | 176752 | 51107 | 326587 | 99395 | 178054 | 51722 | **329171** |
| 5 | 100445 | 219786 | 38982 | 359213 | 97802 | 218063 | 36915 | **352780** |
| 6 | 102932 | 231231 | 36062 | 370225 | 103721 | 230766 | 35989 | **370476** |
| 7 | 109395 | 241220 | 35543 | 386158 | 106057 | 237610 | 34849 | **378516** |
| 8 | 135828 | 251208 | 31439 | 418475 | 136290 | 244408 | 30926 | **411624** |
| 9 | 145873 | 269078 | 31077 | 446028 | 144583 | 264844 | 31049 | **440476** |
| 10 | 150593 | 271207 | 31577 | 453377 | 149012 | 265098 | 30389 | **444499** |
| **Total** | **1126243** | **2156965** | **418369** | **3701577** | **1126712** | **2140794** | **413234** | **3680740** |

| Class | 2018-19 | | | | 2019-20 | | | |
|---|---|---|---|---|---|---|---|---|
| | GOVT | AIDED | UNAIDED | **TOTAL** | **GOVT** | **AIDED** | **UNAIDED** | **TOTAL** |
| 1 | 102697 | 169112 | 52720 | **324529** | 102530 | 165890 | 48263 | **316683** |
| 2 | 102728 | 173441 | 53227 | **329396** | 108275 | 176738 | 51454 | **336467** |
| 3 | 100442 | 173343 | 52032 | **325817** | 108211 | 181183 | 50529 | **339923** |
| 4 | 103829 | 180059 | 51314 | **335202** | 105772 | 180609 | 49766 | **336147** |
| 5 | 100572 | 222579 | 36251 | **359402** | 105051 | 223500 | 35862 | **364413** |
| 6 | 103878 | 231524 | 34326 | **369728** | 107122 | 234114 | 33310 | **374546** |
| 7 | 108697 | 240263 | 34677 | **383637** | 108722 | 239859 | 33172 | **381753** |
| 8 | 136794 | 244597 | 29001 | **410392** | 140029 | 247423 | 29016 | **416468** |
| 9 | 141037 | 256079 | 29950 | **427066** | 141175 | 254986 | 28843 | **425004** |
| 10 | 145299 | 262885 | 30465 | **438649** | 141700 | 254149 | 29644 | **425493** |
| **Total** | **1145973** | **2153882** | **403963** | **3703818** | **1168587** | **2158451** | **389859** | **3716897** |

| Class | Growth 2017-18 | | | | Growth 2018-19 | | | | Growth 2019-20 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | GOVT | AIDED | UNAIDED | TOTAL | GOVT | AIDED | UNAIDED | TOTAL | GOVT | AIDED | UNAIDED | TOTAL |
| 1 | 5703 | 6495 | -1122 | 11076 | 5784 | 4294 | -1572 | 8506 | -167 | -3222 | -4457 | -7846 |
| 2 | 3629 | 6474 | -1353 | 8750 | 5815 | 8623 | -1065 | 13373 | 5578 | 7626 | -1266 | 11938 |
| 3 | 3615 | 6296 | -956 | 8955 | 5603 | 8546 | -2029 | 12120 | 5483 | 7742 | -2698 | 10527 |
| 4 | 2641 | 5934 | -1448 | 7127 | 5729 | 7723 | -1728 | 11724 | 5330 | 7266 | -2266 | 10330 |
| 5 | -926 | 41311 | -14192 | 26193 | 1177 | 44525 | -15471 | 30231 | 1222 | 43441 | -15452 | 29211 |
| 6 | 3276 | 10980 | -2993 | 11263 | 6076 | 13461 | -2589 | 16948 | 6550 | 11535 | -2941 | 15144 |
| 7 | 3125 | 6379 | -1213 | 8291 | 4976 | 9497 | -1312 | 13161 | 4844 | 8335 | -1154 | 12025 |
| 8 | 26895 | 3188 | -4617 | 25466 | 30737 | 6987 | -5848 | 31876 | 31332 | 7160 | -5661 | 32831 |
| 9 | 8755 | 13636 | -390 | 22001 | 4747 | 11671 | -976 | 15442 | 4381 | 10389 | -158 | 14612 |
| 10 | 3139 | -3980 | -688 | -1529 | 716 | -1959 | -584 | -1827 | 663 | -1930 | -306 | -1573 |
| **Total** | **59852** | **96713** | **-28972** | **127593** | **71360** | **113368** | **-33174** | **151554** | **65216** | **98342** | **-36359** | **127199** |

| Abstract (Growth) | | | |
|---|---|---|---|
| **Year** | **Govt.** | **Aided** | **Total** |
| 2017-18 | 59852 | 96713 | 156565 |
| 2018-19 | 71360 | 113368 | 184728 |
| 2019-20 | 65216 | 98342 | 163558 |
| **Total** | **196428** | **308423** | **504851** |

2018–19 അധ്യയന വർഷം പത്താം ക്ലാസിൽ 4,38,649 കുട്ടികളാണ് സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലായി ആകെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരുന്നത്. ഈ കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷയോടെ പത്താം ക്ലാസ് പൂർത്തിയായി അടുത്ത തലത്തിലേക്ക് പോകുമ്പോൾ തൊട്ടടുത്ത 2019–20 അധ്യയന വർഷം പൊതുവിദ്യാഭ്യാസ മേഖലയിലെ ആകെ കുട്ടികളുടെ എണ്ണം ഒന്നാം ക്ലാസിൽ ചേരുന്ന ആകെ കുട്ടികൾ, 1 മുതൽ 9 വരെ ക്ലാസുകളിൽ നിന്നും പ്രമോഷൻ കിട്ടി 2 മുതൽ 10 വരെയുള്ള ക്ലാസുകളിൽ എത്തുന്ന കുട്ടികൾ, ആ അധ്യയന വർഷം തന്നെ 2 മുതൽ 10 വരെയുള്ള ക്ലാസുകളിൽ മറ്റ് മേഖലകളിൽ നിന്നും പുതിയതായി വന്നു ചേരുന്ന കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ്. ഇപ്രകാരം 2019–20 അധ്യയന വർഷം സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ ആറാം പ്രവൃത്തിദിന കണക്കു പ്രകാരം 1 മുതൽ 10 വരെ പൊതുവിദ്യാഭ്യാസ മേഖലയിലുള്ള ആകെ കുട്ടികളുടെ എണ്ണം 37,16,897 ആണ്.

1990-91 മുതൽ 2019-20 വരെ പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നേടിയ കുട്ടികളെ സംബന്ധിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു. ഈ പട്ടികയിൽ 2018-19 അധ്യയനവർഷം 2019-20 വർഷവും മുൻവർഷങ്ങളെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളതായി കാണാവുന്നതാണ്.

## 1990 – 91 മുതൽ 2019 – 20 വരെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

| Sl. No. | Year | Govt. | Aided | Unaided | Total | G & A Total |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 1 | 1990-91 | 2296572 | 3456814 | 147715 | 5901101 | 5753386 |
| 2 | 1991-92 | 2283219 | 3468394 | 155392 | 5907005 | 5751613 |
| 3 | 1992-93 | 2266099 | 3453866 | 161729 | 5881694 | 5719965 |
| 4 | 1993-94 | 2212002 | 3421170 | 174933 | 5808105 | 5633172 |
| 5 | 1994-95 | 2159575 | 3377513 | 180257 | 5717345 | 5537088 |
| 6 | 1995-96 | 2102082 | 3333461 | 192210 | 5627753 | 5435543 |
| 7 | 1996-97 | 2034750 | 3292785 | 206689 | 5534224 | 5327535 |
| 8 | 1997-98 | 1973882 | 3240362 | 222847 | 5437091 | 5214244 |
| 9 | 1998-99 | 1925368 | 3175205 | 235128 | 5335701 | 5100573 |
| 10 | 1999-00 | 1868685 | 3138803 | 241559 | 5249047 | 5007488 |
| 11 | 2000-01 | 1842062 | 3119463 | 257527 | 5219052 | 4961525 |
| 12 | 2001-02 | 1770883 | 3068083 | 263072 | 5102038 | 4838966 |
| 13 | 2002-03 | 1708358 | 3028989 | 264414 | 5001761 | 4737347 |
| 14 | 2003-04 | 1628591 | 2995765 | 269649 | 4894005 | 4624356 |
| 15 | 2004-05 | 1565121 | 2948273 | 328621 | 4842015 | 4513394 |
| 16 | 2005-06 | 1503963 | 2919960 | 352383 | 4776306 | 4423923 |
| 17 | 2006-07 | 1461959 | 2893116 | 364401 | 4719476 | 4355075 |
| 18 | 2007-08 | 1413768 | 2845866 | 366777 | 4626411 | 4259634 |
| 19 | 2008-09 | 1377341 | 2801825 | 366660 | 4545826 | 4179166 |
| 20 | 2009-10 | 1337480 | 2755436 | 364840 | 4457756 | 4092916 |
| 21 | 2010-11 | 1301027 | 2687446 | 362752 | 4351225 | 3988473 |
| 22 | 2011-12 | 1264010 | 2598451 | 372824 | 4235285 | 3862461 |
| 23 | 2012-13 | 1197862 | 2401156 | 372519 | 3971537 | 3599018 |
| 24 | 2013-14 | 1172867 | 2308468 | 366732 | 3848067 | 3481335 |
| 25 | 2014-15 | 1158703 | 2266083 | 364441 | 3789227 | 3424786 |
| 26 | 2015-16 | 1161651 | 2201360 | 400158 | 3763169 | 3363011 |
| 27 | 2016-17 | 1125682 | 2164129 | 413009 | 3702820 | 3289811 |
| 28 | 2017-18 | 1126712 | 2140794 | 413234 | 3680740 | 3267506 |
| 29 | 2018-19 | 1145973 | 2153882 | 403963 | 3703818 | 3299855 |
| 30 | 2019-20 | 1168587 | 2158451 | 389859 | 3716897 | 3327038 |

**1990 – 91 മുതൽ 2019 – 20 പൊതുവിദ്യാഭ്യാസ മേഖലയിലെ കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിക്കുന്ന ഗ്രാഫ്.**




**1990 – 91 മുതൽ 2019 – 20 വരെ പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വ്യതിയാനം കാണിക്കുന്ന ഗ്രാഫ്.**




2019–20 അധ്യയന വർഷത്തിൽ സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് മലപ്പുറം (6.52 ലക്ഷം) ജില്ലയിലാണ്. കോഴിക്കോട് (3.64 ലക്ഷം), പാലക്കാട് (3.10 ലക്ഷം), കണ്ണൂർ (2.86 ലക്ഷം), തൃശ്ശൂർ (2.79 ലക്ഷം), തിരുവനന്തപുരം (2.51 ലക്ഷം) എന്നീ ജില്ലകളാകുമ്പോൾ ഏറ്റവും കുറവ് കുട്ടികൾ പഠിക്കുന്നത് പത്തനംതിട്ട (0.76 ലക്ഷം) ജില്ലയിലാണ്.

1990–91 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയപ്പോൾ 2018–19 ലും 2019–20 ലും മുൻ വർഷത്തെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഫലമായിട്ടാണ്.

കെ. വിമലൻ
ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്)
ഡി.ജി.ഇ. ഓഫീസ്, തിരുവനന്തപുരം